# Deepika

## 23 August 2018

## Kochi: Flood, Flood relief fund, Flood renovation

# റോഡുകൾ കരസേനയുടെ സഹായത്തിൽ വൃത്തിയാക്കും

കൊച്ചി: നൂറ്റമ്പതിലധികം പിഡബ്ല്യുഡി റോഡുകൾ ചെളിമൂടിയിട്ടുണ്ടെന്നും ഇവ കരസേനയുടെ സഹായത്തോടെ വൃത്തിയാക്കുമെന്നും ജില്ലാ കളക്ടർ മുഹമ്മദ് സഫീറുള്ള ജനപ്രതിനിധികളുടെ യോഗത്തിൽ അറിയിച്ചു.

ജില്ലയിലെ 25 ജലവിതരണപദ്ധതികളുടെയും പ്രവർത്തനം നിലച്ചിരുന്നു. കൺട്രോൾറൂമുമായി ബന്ധിപ്പിച്ചാണു ക്യാമ്പുകളിൽ ശുദ്ധജലമെത്തിച്ചിരുന്നത്. കഴിഞ്ഞദിവസം ആലുവ പ്ലാന്റ് പ്രവർത്തനം തുടങ്ങി. പിറവത്ത് ഇന്നു തുടങ്ങും. രണ്ടുദിവസത്തിനകം എല്ലാ കേന്ദ്രങ്ങളും തുറക്കാനാകുമെന്നാണു പ്രതീക്ഷിക്കുന്നതെന്നും അദ്ദേഹം പറഞ്ഞു.

ജലവിതരണപ്രശ്നങ്ങൾ നിരീക്ഷിക്കുന്നതിനു ജില്ലാ അടിയന്തരഘട്ട കാര്യനിർവഹണ കേന്ദ്രത്തിൽ വാട്ടർ അഥോറിറ്റി പ്രതിനിധിയുടെ 24 മണിക്കൂർ സേവനവും ഉറപ്പാക്കിയിട്ടുണ്ട്. ഇന്നും നാളെയും എല്ലാ താലൂക്കുകളും സന്ദർശിച്ചു സ്ഥിതിഗതികൾ വിലയിരുത്തും. ആലുവ, പറവൂർ താലൂക്കുകളാണ് ആദ്യം സന്ദർശിക്കുക. കടമക്കുടിയിലെ തുരുത്തുകളിലേക്കു ചെറുവള്ളങ്ങൾ മാത്രമാണ് ഇപ്പോൾ സർവീസ് നടത്തുന്നത്. പകരം ബോട്ട് സർവീസ് ആരംഭിക്കണമെന്നും ജില്ലയിലെ മുഴുവൻ ക്യാമ്പുകളും റവന്യു വകുപ്പ് ഏറ്റെടുക്കണമെന്നും യോഗത്തിൽ ആവശ്യമുയർന്നു.

എംഎൽഎമാരായ അൻവർ സാദത്ത്, റോജി എം. ജോൺ, എസ്. ശർമ, ജോൺ ഫെർണാണ്ടസ്, പി.ടി. തോമസ്, കെ.ജെ. മാക്സി, ആന്റണി ജോൺ, ഹൈബി, വി.പി. സജീന്ദ്രൻ, എൽദോസ് കുന്നപ്പിള്ളി, എന്നിവർ പങ്കെടുത്തു.

# 204 കോടിയുടെ കൃഷിനാശം

*** പെരിയാറിന്റെ ഇരുകരകളിലുമുള്ള കൃഷി പൂർണമായി നശിച്ചു**

കാക്കനാട്: ജില്ലയിലുണ്ടായ പ്രളയത്തിൽ 204,50,50,100 രൂപയുടെ കൃഷി നശിച്ചതായി ജില്ലാ കൃഷി വകുപ്പിന്റെ പ്രാഥമിക റിപ്പോർട്ട്. 88,726 കർഷകരുടെ 6,481 ഹെക്ടർ സ്ഥലത്തെ കൃഷി നശിച്ചു. ഏറ്റവും കൂടുതൽ നാശം സംഭവിച്ചിരിക്കുന്നത് വാഴക്കർഷകർക്കാണ്. 75,00,000 കുലച്ച വാഴകളും 2,80,000 കുലയ്ക്കാത്ത വാഴകളും നശിച്ചു. 195,30,00,000 രൂപയാണ് ഈയിനത്തിൽ മാത്രം നഷ്ടം സംഭവിച്ചിരിക്കുന്നത്.

റബർ- 3,50,93,750, ജാതി- 1,78,59,150, തെങ്ങ്-89,32,000, കവുങ്ങ്-63,68,200, പച്ചക്കറി- 2,12,50,000, മരച്ചീനി-2,20,00,000 രൂപ തുടങ്ങിയവയാണ് പ്രധാനമായും കൃഷിനാശം സംഭവിച്ച വിളകൾ. ജില്ലയുടെ കിഴക്കൻ പ്രദേശങ്ങളിലാണ് ഏറ്റവും കൂടുതൽ നാശമുണ്ടായിട്ടുള്ളത്. ഓണത്തോടനുബന്ധിച്ച് വിളവെടുക്കുന്നതിനായി കൃഷി ചെയ്തിരുന്നവയാണ് ഇതിൽ കൂടുതലും.

വ്യാപക കൃഷിനാശം സംഭവിച്ചതോടെ കടുത്ത പ്രതിസന്ധിയാണ് കർഷകർ അനുഭവിക്കുന്നത്. വൻതുക ബാങ്ക് വായ്പയെടുത്താണു പലരും കൃഷിയിറക്കിയിരുന്നത്. മൂവാറ്റുപുഴ, കോതമംഗലം താലൂക്കുകളിലെ പ്രദേശങ്ങൾക്കു പുറമേ കൂവപ്പടി, മുടക്കുഴ, ഒക്കൽ, വേമുട്, പെരുമ്പാവൂർ നഗരസഭയുടെ കീഴിലുള്ള പ്രദേശങ്ങളിലും മലയാറ്റൂർ, കാഞ്ഞൂർ, മഞ്ഞപ്ര പഞ്ചായത്തിലെ വിവിധ മേഖലകളും കൃഷി നശിച്ച പ്രദേശങ്ങളിൽ ഉൾപ്പെടുന്നു. പെരിയാറിന്റെ ഇരുകരകളിലുമുള്ള കൃഷിവിളകൾ പൂർണമായി നശിച്ചനിലയിലാണ്.

# നഷ്ടങ്ങളുടെ കണക്കെടുപ്പ് ഉടൻ

കൊച്ചി: പ്രളയക്കെടുതിയിലുണ്ടായ നാശനഷ്ടങ്ങളുടെ കണക്കെടുപ്പ് ഈയാഴ്ച തന്നെ തുടങ്ങുമെന്നു ജില്ലാ കളക്ടർ മുഹമ്മദ് സഫീറുള്ള അറിയിച്ചു. ജില്ലയിലെ ദുരിതബാധിത മേഖലയിൽ ശുചീകരണ പുനർനിർമാണ പ്രവർത്തനങ്ങൾ ഊർജിതമാക്കാനുള്ള നടപടികളുടെ ഭാഗമായി ചേർന്ന എംഎൽഎമാരുടെയും ജനപ്രതിനിധികളുടെയും ഉദ്യോഗസ്ഥരുടെയും യോഗത്തിലാണ് കളക്ടർ ഇക്കാര്യമറിയിച്ചത്.

പ്രളയക്കെടുതിയിൽ പതിനഞ്ചു മരണങ്ങളാണു ജില്ലയിൽ ഔദ്യോഗികമായി റിപ്പോർട്ട് ചെയ്തിട്ടുള്ളത്. കാണാതായ ആളുകളെ സംബന്ധിച്ച വിവരശേഖരണം തുടരുകയാണ്. മൃഗങ്ങളുടെ ജഡങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അറിയിക്കുന്ന മുറയ്ക്ക് ആരോഗ്യവകുപ്പ് ജീവനക്കാർ മറവുചെയ്യും. ക്യാമ്പുകളിൽ താമസിച്ചവർക്കുമാത്രമല്ല, വെള്ളപ്പൊക്കത്തിന്റെ ദുരിതമനുഭവിച്ച മുഴുവൻപേർക്കും ദുരിതാശ്വാസത്തിന് അർഹതയുണ്ട്. ഈ മാസം ശേഷിക്കുന്ന മുഴുവൻ ദിവസങ്ങളും റവന്യു, സിവിൽ സപ്ലൈസ്, ആരോഗ്യം, തദ്ദേശസ്വയംഭരണ വകുപ്പുകൾക്ക് പ്രവൃത്തി ദിവസമായിരിക്കും. തിരുവോണദിവസം ഉച്ചയ്ക്കു രണ്ടു മണിക്കൂർ അവധിയെടുക്കാൻ അനുവാദമുണ്ട്. മാലിന്യങ്ങൾ ജലസ്രോതസുകളിൽ നിക്ഷേപിച്ചാൽ കർശന നടപടിയെടുക്കും. ഇക്കാര്യത്തിൽ തദ്ദേശസ്വയംഭരണവകുപ്പ് ജാഗ്രത പുലർത്തണം.

ശുചീകരണസാമഗ്രികളുടെ ക്ഷാമം പരിഹരിക്കാൻ കോയമ്പത്തൂർ ടിസിസി മുതലായ കമ്പനികളിൽനിന്ന് ഇവ ലഭ്യമാക്കും. ഇവ നേരിട്ടു വിതരണം ചെയ്യാനുള്ള നടപടികളെടുക്കുമെന്നും കളക്ടർ അറിയിച്ചു. റേഷൻകാർഡ് നഷ്ടപ്പെട്ടവർക്കു തടസം കൂടാതെ റേഷൻ സാധനങ്ങൾ ലഭ്യമാക്കും. ഗുണഭോക്താക്കളുടെ പേരുവിവരവും റേഷൻകാർഡ് നമ്പറും കടയിൽ ലഭ്യമാണ്. ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ട ആരു ചെന്നാലും ഇതുപയോഗിച്ച് ആ കാർഡിൽ അനുവദനീയമായ അളവിലുള്ള സാധനങ്ങൾ നല്കാൻ താലൂക്ക് സപ്ലൈ ഓഫീസർമാർക്കു നിർദേശം നൽകി. കരിഞ്ചന്തയും പൂഴ്ത്തിവയ്പും ശ്രദ്ധയിൽപെട്ടാൽ കർശന നടപടിയെടുക്കും. പാഠപുസ്തകങ്ങൾ ലഭ്യമാക്കുന്ന കാര്യത്തിൽ സർക്കാരുമായി ആലോചിച്ചു നടപടിയെടുക്കമെന്നും അദ്ദേഹം പറഞ്ഞു.